പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 489 19.03.2013 -ൽ മറുപടിക്ക്

## കുണ്ടുമണിൽ ബസ്സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. എ. ബേബി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കൊല്ലം-കുളത്തൂപ്പുഴ വേണാട് ബസ് സർവ്വീസിന് കുണ്ടുമണിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള എം.എൽ.എ യുടെ നിവേദനത്തിന്മേൽ ആയത് അനുവദിച്ചുകൊണ്ടുള്ള വകുപ്പുമന്ത്രിയുടെ ഉത്തരവ് നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | കുണ്ടുമണിൽ വേണാട് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നും, കൊട്ടാരക്കര-പെരുമ്പുഴ-ആർ.എസ്.എം.എച്ച്.എസ്-ഞെട്ടയിൽ കൂനമ്പായിക്കുളം-സിവിൽ സ്റ്റേഷൻ വഴി ഒരു ഷെഡ്യൂൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. എം.എൽ.എ നൽകിയ കത്തിന്മേൽ സർവ്വീസിന്റെ കാര്യം ശബരിമല സീസണിനു ശേഷം പരിഗണിക്കുവാൻ ബഹു. ഗതാഗത വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം നിലവിലുള്ള ഒരു ഷെഡ്യൂൾ പുനഃക്രമീകരിച്ച് ടി റൂട്ടിലൂടെ സർവ്വീസ് ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കൊല്ലം-കുളത്തൂപ്പുഴ വേണാട് ബസ് സർവ്വീസിന് കുണ്ടുമണിൽ സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സാധ്യതാപഠനം നടത്തുകയുണ്ടായി. കൊല്ലം-കുളത്തൂപ്പുഴ ചെയിൻ സർവ്വീസിന്റെ പ്രധാന ആകർഷണീയതയും സ്വീകാര്യതയും സ്റ്റോപ്പുകൾ കുറച്ചുകൊണ്ടുള്ള ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി എന്നതാണ്. ഈ ചെയിൻ സർവ്വീസിന് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത് അതിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുവാൻ ഇടവരുന്നതാണ്. അതുകൊണ്ടാണ് കുണ്ടുമൺ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൂടുതൽ സ്റ്റോപ്പുകൾക്ക് വേണ്ടിയുള്ള ആവശ്യം പരിഗണിക്കുവാൻ കഴിയാതിരിക്കുന്നതിന് കാരണം. |
| (ബി) | വകുപ്പുമന്ത്രിയുടെ ഉത്തരവ് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | | |
| (സി) | വകുപ്പുമന്ത്രിയുടെ ഉത്തരവ് നടപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ